LIBRARY ARCHIVES Kerala Legislative Assembly

കട്ടനാട്ടിലെ മാതൃകാമത്സ്യഗ്രാമം പദ്ധതി

142 (3774)ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാതൃകാ മത്സ്യ ഗ്രാമം പദ്ധതി, ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ഭവനനിർമ്മാണ പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി കട്ടനാട്ടിൽ എത്ര വീടുകൾ ആർക്കൊക്കെ അനുവദിച്ചുവെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കാമോ ;

(ബി) നടപ്പു സാമ്പത്തിക വർഷം മത്സ്യത്തൊഴിലാളികൾക്ക് സ്ഥലം വാങ്ങി വീട്/ഫ്ലാറ്റ് നിർമ്മിച്ചു നൽകുന്ന പദ്ധതിയിൽ ഇതുവരെ സ്വീകരിച്ച് നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാതൃകാ മത്സ്യഗ്രാമം പദ്ധതി പ്രകാരം 18 ഗുണഭോക്താക്കൾക്കും ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ഭവന നിർമ്മാണ പദ്ധതി പ്രകാരം 9 ഗുണഭോക്താക്കൾക്കും കട്ടനാട്ടിൽ വീടുകൾ നൽകിയിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഭൂരഹിതരും ഭവനരഹിതരുമായ തെരെഞ്ഞെടുക്കപ്പെട്ടന്ന 450 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം കണ്ടെത്തി ഫ്ളാറ്റ് നിർമ്മിച്ചു നൽകുന്ന " ഭൂരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന പദ്ധതി" -ക്ക് ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചു. പദ്ധതിയുടെ അടങ്കൽ തുക 48.75 കോടി രൂപയാണ്. വലിയതുറയിൽ 32 ഫ്ളാറ്റ് സമുച്ചയം നിർമ്മിക്കുന്നതിന് സ്ഥലം ലഭിച്ചു. 24-9-2014-ൽ വർക്ക് ടെണ്ടർ ചെയ്തു. ടെണ്ടറിൽ ആരും പങ്കെടുത്തില്ല. 6-11-14-ൽ വീണ്ടും ടെണ്ടർ ചെയ്തതിൽ ഒരു ബിഡ്ഡർ മാത്രമാണ് ഉണ്ടായിരുന്നത്. എസ്റ്റിമേറ്റ് തുകയേക്കാൾ 14% കൂടുതലായ ടെണ്ടർ ആയിരുന്നു ലഭിച്ചത്. പദ്ധതി സുതാര്യമായി നടപ്പിലാക്കുന്നതിനായി 9-12-14-ൽ വീണ്ടും ടെണ്ടർ ചെയ്തു. മറ്റു സ്ഥലങ്ങളിൽ വീട് നിർമ്മിച്ചു നൽകുന്നതിനായി സ്ഥല ലഭ്യതയ്ക്കായുള്ള നടപടിയും ഗുണഭോക്തൃ തെരെഞ്ഞെടുപ്പും പുരോഗമിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.